പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5965 — 04/07/2019 മറുപടിയ്ക്ക്

# പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി. സി.കെ. ആശ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ ഭാഷാപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഭാഷാപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നു.<br>1. മലയാളത്തിളക്കം<br>2. സുരീലി ഹിന്ദി<br>3. ഹലോ ഇംഗ്ലീഷ്<br>4. സർഗ വിദ്യാലയം<br>5. ടാലന്റ് ലാബ്<br>6. ക്ലാസ് ഗണിത ലാബ്<br>7. ക്ലാസ് ലൈബ്രറി<br>8. വായനാക്കാർഡുകൾ<br>9. ശാസ്ത്രകൗതുകം<br>10. ശാസ്ത്രപാർക്കുകൾ |
| (ബി) ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തേണ്ടത് പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കാനുള്ള പ്രധാനപ്പെട്ട ഉപാധിയായതിനാൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥി കളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്തുന്നതിവേണ്ടി റെലീഷ് ഇംഗ്ലീഷ് (RELISH ENGLISH) എന്ന പേരിൽ ഒരു ഗവേഷണാധിഷ്ഠിത പ്രോജക്റ്റ് എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പരിപാടി ഗവേഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ പത്ത് വിദ്യാലയങ്ങളിലാണ് നടപ്പിലാക്കിയത്. പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. തുടർ പ്രവർത്തനം എന്ന നിലയിൽ 'എ ഇന്ററാക്ടീവ് ഇംഗ്ലീഷ് ലേണിംഗ് സിസ്റ്റം' വികസിപ്പിച്ചു വരുന്നു. ഇംഗ്ലീഷ് ഭാഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷയുടെ റിസൾട്ട് വന്നതിനു ശേഷം വിജയശതമാനം കുറഞ്ഞ പതിനഞ്ചോളം സ്കൂളുകളെ QIP(Quality |

| | | | |
|---|---|---|---|
| | | | Improvement Programme) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് വിഭാഗവും, സർവ്വ ശിക്ഷാ അഭിയാനം സംയുക്തമായി ഇംഗ്ലീഷ് ലേണിംഗ് എൻഹാൻസ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം അകറ്റി ഇംഗ്ലീഷിൽ പ്രാവിണ്യമുള്ളവരാക്കുക എന്നതാണ് പ്രധാനമായും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ സഹായത്തോടു കൂടിയാണ് ഇതിന്റെ മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതും മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം നൽകിയിട്ടുള്ളതും. പിന്നീട് മാസ്റ്റർ ട്രെയിനർമാരുടെ രണ്ടുമൂന്ന് പേരടങ്ങിയ ഒരു ബാച്ച്, ലിസ്റ്റിലുള്ള സ്കൂളുകളിൽ ചെല്ലുകയും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതിനു പുറമേ എസ്.എസ്.എ യുടെ സഹായത്തോടെ മേൽ സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പ്രോഗ്രാമുകളുടെ മോണിറ്ററിംഗ് സ്റ്റേറ്റ് ലെവലിൽ ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവരും റീജിയണൽ ലെവലിൽ ആർ.ഡി.ഡി മാരും നടത്താറുണ്ട്. |
| (സി) | ഭാഷാശേഷി വികസിപ്പിക്കുന്നതിനായുള്ള മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, സുരേലി ഹിന്ദി എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഭാഷാശേഷി വികസിപ്പിക്കുന്നതിനായുള്ള മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, സുരേലി ഹിന്ദി എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്.<br>കഴിഞ്ഞ വർഷം 3,21,531 കുട്ടികൾ മലയാളത്തിളക്കം പദ്ധതിയിലൂടെ കടന്നു പോയി. അതിൽ 2,76,884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു.<br>3479 സ്കൂളുകളിലായി 64254 കുട്ടികൾക്ക് സുരീലി ഹിന്ദി പദ്ധതി പ്രയോജനപ്പെട്ടു. 844 ഹലോ ഇംഗ്ലീഷ് ക്യാമ്പുകൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. പദ്ധതിയുടെ ഫലമായി കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയ ശേഷി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | പൊതുവിദ്യാഭ്യാസ രംഗത്തെ കുട്ടികൾക്ക് ഗണിതശാസ്ത്രത്തോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ഡി) | ഗണിത വിജയം, ഗണിതോത്സവം, ക്ലാസ് ഗണിത ലാബ് എന്നിവ നടപ്പിലാ ക്കിയിട്ടുണ്ട്. ഈ അധ്യയന വർഷം മുതൽ 1,2 ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ഉല്ലാസ ഗണിതം എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. |

| | | |
|---|---|---|
| (ഇ) | കുട്ടികളുടെ പഠന സമയം (അധ്യാപക വിദ്യാർത്ഥി ആശയവിനിമയ സമയം) ഇരുന്നൂറ് പ്രവൃത്തി ദിവസം കൃത്യമായി ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) 2019-20 അധ്യയന വർഷത്തിൽ ജൂൺ 3 ന് സ്കൂൾ തുറക്കുന്ന തരത്തിൽ 203 പ്രവൃത്തി ദിനങ്ങൾ ഉറപ്പു വരുത്തിയായിരുന്നു വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയത് എന്നാൽ സ്കൂൾ തുറന്നത് ജൂൺ 6 ന് ആയതിനാൽ നിലവിൽ 201 പ്രവൃത്തിദിനങ്ങൾ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ